കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ജീവനക്കാർ

96 [1302] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക ജീവനക്കാരായി എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

6691 പേർ ജോലി ചെയ്യുന്നു. ഇവരിൽ 2605 പേർ ഡ്രൈവർമാരാണ്. ഡ്രൈവറുടെ പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് ഇവരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുള്ളത്. ബാക്കിയുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാർ അവധി എടുക്കുന്ന അവസരത്തിൽ സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായും വർക്ക് ഷോപ്പുകളിലെ അത്യാവശ്യ ജോലികൾക്കുമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ ആവശ്യപ്രകാരം ജോലി ചെയ്യിക്കുകയാണ് ചെയ്യുന്നത്. പി. എസ്. സി. അഡ്വൈസ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇവരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നുണ്ട്.

കണ്ടക്ടർ	..	2979
ഡ്രൈവർ	..	2605
ബ്ലാക്ക് സ്മിത്ത്	..	102
മെക്കാനിക്	..	496
ടയർ റീട്രേയ്ഡർ	..	17
വെൽഡർ	..	21
വർക്ക് അസിസ്റ്റന്റ്	..	419
വർക്ക് അസിസ്റ്റന്റ് (ഇലക്ട്രിഷ്യൻ)	..	52
	ആകെ	6691

തവനൂരാനത്തെ ഗതാഗത സംവിധാനം

97 [1303] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂരാന നഗരത്തിലെ പൊതു ഗതാഗത സംവിധാനം വളരെ മോശമാണെന്ന് എൻ.എ.എസ്.സി.ഒ.എം. എന്ന സംഘടന നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഴക്കേക്കോട്ടയിലെ തിരക്ക് കണക്കിലെടുത്ത് അവിടത്തെ ഡിപ്പോ എങ്ങോട്ടു മാറ്റാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഈ ബജറ്റിലെ നിർദ്ദിഷ്ട ബസ് ഡിപ്പോയുടെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൻ. എ. എസ്. സി. ഒ. എം. എന്ന സംഘടന നടത്തിയ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച ചില നിർദ്ദേശങ്ങൾ നിലവിലുണ്ട്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ബസ് ഡിപ്പോയുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലമെടുപ്പിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തലസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ബസ് സർവ്വീസ്

98 [1304] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. പ്രത്യേക ടൂറിസ്റ്റ് ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ വേളി, ശംഖുമുഖം, കോവളം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ഡബിൾ ഡക്കർ ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന കോവളത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ വോ ഫ്ളോർ ബസ് ഉൾപ്പെടെ പാരാളം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. ടൂറിസ്റ്റുകൾക്ക് മാത്രമായി പ്രത്യേക ബസ് ഓടിക്കുന്നത് ലാഭകരമല്ലാത്തതിനാൽ പ്രത്യേക ടൂറിസ്റ്റ് ബസ്സുകൾ ഓടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly